# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2241 — 10.10.2011 ൽ മറുപടിക്ക്

## കാസർകോട്-മംഗലാപുരം ബസ് സർവ്വീസുകൾ

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|
| (എ) കാസർകോട്-മംഗലാപുരം റൂട്ടിൽ എത്ര സർക്കാർ ബസ് സർവ്വീസുകൾ വീതം നടത്തുവാനാണ് കേരള-കർണാടക സർക്കാറുകൾ തമ്മിൽ കരാർ ഉണ്ടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) കാസർകോട്-മംഗലാപുരം റൂട്ടിൽ 36 ഷെഡ്യൂളുകൾ നടത്തുന്നതിലേക്കായി കെ.എസ്.ആർ.ടി.സി ക്ക് 49 ബസ്സുകൾക്ക് പെർമിറ്റ് എടുക്കുന്നതിന് വ്യവസ്ഥയുണ്ട്. |
| (ബി) ഇതിൽ ഓരോ സംസ്ഥാനത്തെയും എത്ര വീതം ബസ്സുകളാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നതെന്ന് വിശദമാക്കാമോ ; | (ബി) കെ.എസ്.ആർ.ടി.സി -36 ബസ്സുകൾ<br>കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - 35 ബസ്സുകൾ |
| (സി) കേരള സർക്കാരിന്റെ ബസ്സുകൾ സർവീസ് നടത്തുന്നതിന്റെ എണ്ണത്തിൽ കുറവ് വന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; | (സി ) നിലവിലുള്ള അന്തർ സംസ്ഥാന കരാർ പ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് കാസർഗോഡ്- കർക്കാല, കാസർഗോഡ് - മൂഡുബിതിരെ എന്നീ റൂട്ടുകളിൽ രണ്ട് പെർമിറ്റുകൾ എടുക്കേണ്ടതായിട്ടുണ്ട്. ഈ പെർമിറ്റുകൾ കരസ്ഥമാക്കിയാൽ കാസർഗോഡ് - മംഗലാപുരം റൂട്ടിൽ 5 റൗണ്ട് സബ് ട്രിപ്പുകൾ കൂടി ഓടിക്കാൻ കഴിയും. |
| (ഡി) പ്രസ്തുത കുറവ് പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (ഡി) ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് പെർമിറ്റുകൾ ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ